# milma

## മലബാർ മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയൻ

# ആയുർവ്വേദത്തിന്റെ ഗുണവും...!!!
# മിൽമയുടെ നന്മയും...!!!

## പശുക്കളുടെ ചികിത്സയ്ക്ക് പിന്നെന്തു വേണം...?

മിൽമ, മലബാർ മേഖലാ യൂണിയൻ, കേരളാ ആയുർവ്വേദിക് കോപ്പറേറ്റീവ് സൊസൈറ്റിയുടെ സഹകരണത്തോടെ നിർമ്മിക്കുന്ന ആയുർവ്വേദ വെറ്ററിനറി മരുന്നുകൾ പശുക്കളുടെ ചികിത്സയ്ക്കായി ഉപയോഗിക്കാം.



## ആയുർവ്വേദ വെറ്ററിനറി മരുന്നുകൾ ഉപയോഗിച്ചാലുള്ള നേട്ടം

- കുറഞ്ഞ ചിലവിൽ ഫലപ്രദമായ ചികിത്സ
- പാലിൽ ആന്റിബയോട്ടിക് മരുന്നുകളുടെ അംശം ഒഴിവാക്കാം
- പശുക്കൾക്ക് മെച്ചപ്പെട്ട ആരോഗ്യം
- ലളിതമായ ഉപയോഗ ക്രമം

വിപണനം: **മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ**
കോട്ടാംപറമ്പ (പി.ഒ.), കോഴിക്കോട് - 673 008
0495 2801888 | 2334040 | 7558857857

# മാസ്റ്റിക്ക്യുവർ

**കറവമാടുകളിലെ അകിടുവീക്ക ചികിത്സയ്ക്കുള്ള മരുന്ന്**

കറവപ്പശുക്കളിലെ അകിടുവീക്ക ചികിത്സക്കായി ആന്റിബയോട്ടിക്ക് മരുന്നുകളാണ് സാധാരണ ഉപയോഗിക്കാറുള്ളത്. ചികിത്സക്ക് ശേഷം പശുക്കൾ ഉത്പാദിപ്പിക്കുന്ന പാലിൽ മരുന്നുകളുടെ അംശം ഉണ്ടാകും എന്നതിനാൽ ഇത്തരം അലോപ്പതി മരുരുന്നുകൾ ഉപയോഗിച്ചതിന് ശേഷം ഏഴ് ദിവസം വരെ പാൽ ഉപയോഗ യോഗ്യമല്ല.

എന്നാൽ കറവമാടുകളിലെ അകിടുവീക്ക ചികിത്സയ്ക്ക് മാസ്റ്റിക്ക്യുവർ എന്ന മരുന്ന് തീർത്തും സുരക്ഷിതവും ഫലപ്രദവുമാണ്. അതുകൊണ്ട് തന്നെ ചികിത്സാ സമയങ്ങളിൽ പശുക്കൾ ഉത്പ്പാദിപ്പിക്കുന്ന പാൽ സുരക്ഷിതമായി ഉപയോഗിക്കാവുന്നതാണ്.

അകിടുവീക്ക ലക്ഷണങ്ങളുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ ഉപയോഗിച്ചാൽ ഈ മരുന്ന് കൂടുതൽ ഫലപ്രദമായി കണ്ടുവരുന്നു. ഉപയോഗിച്ച് ഒന്നോ രണ്ടോ ദിവസത്തിന് ശേഷവും ലക്ഷണങ്ങൾ മാറ്റമില്ലാതെ തുടരുകയോ, രോഗം മൂർച്ഛിക്കുന്നതായി ബോധ്യപ്പെടുകയോ ചെയ്യുന്ന പക്ഷം വെറ്ററിനറി ഡോക്ടറുടെ സേവനം തേടേണ്ടതാണ്.



## അകിട് വീക്ക ലക്ഷണങ്ങൾ

- അകിടിലെ നീര്, വേദന
- അകിട് വീക്കം, കല്ലിപ്പ്
- പാലുത്പ്പാദനത്തിലെ കുറവ്
- പാലിന്റെ ഭൗതിക ഗുണങ്ങളിലുള്ള വ്യത്യാസം




MRP
₹200

## ഉപയോഗക്രമം

- ഈ ബോക്സിൽ അടങ്ങിയിരിക്കുന്നത് മൂന്ന് ദിവസത്തെ ഉപയോഗത്തിനുള്ള ഔഷധക്കൂട്ടുകളാണ്.
- ബോക്സിനകത്തെ ഒരു പാക്കറ്റ് ഔഷധക്കൂട്ട് ഒരു ദിവസത്തേക്ക് എന്ന രീതിയിലാണ് ഉപയോഗിക്കേണ്ടത്.
- ഓരോ പാക്കറ്റിനകത്തും ഉള്ളടക്കം ചെയ്ത രണ്ട് ചെറിയ പാക്കറ്റുകളിലെ ചേരുവകളും അതോടപ്പമുള്ള ബോട്ടിലിനകത്തെ ദ്രാവകവും പാത്രത്തിലെടുത്ത് ഒരു ഗ്ലാസ് വെള്ളവും ചേർത്ത് നന്നായി മിക്സ് ചെയ്യുക.
- അകിടു വീക്കമുള്ള പശുവിന്റെ പാൽ പൂർണ്ണമായും കറന്ന് കളഞ്ഞ് അകിട് നന്നായി കഴുകി വൃത്തിയാക്കുക.
- തയ്യാറാക്കി വെച്ച ചുവന്ന നിറത്തിലുള്ള മിശ്രിതത്തിന്റെ എട്ടിൽ ഒരു ഭാഗം അകിടിന്റെ എല്ലാ ഭാഗത്തും കൈ കൊണ്ട് നന്നായി മസാജ് ചെയ്ത് തേച്ച് പിടിപ്പിക്കുക.
- ഓരേ മണിക്കൂർ ഇടവിട്ട് അകിട് കഴുകി വൃത്തിയാക്കി തയ്യാറാക്കി വെച്ച മിശ്രിതം വെള്ളം ചേർത്ത് നേർപ്പിച്ച് അകിടിന്റെ എല്ലാ ഭാഗത്തും എത്തുന്ന രീതിയിൽ പുരട്ടുക. ഒരു ദിവസം ആറു മുതൽ എട്ട് തവണയെങ്കിലും ഇത് ആവർത്തിക്കണം.
- ഓരോ ദിവസത്തിലും അവസാനമായി പുരട്ടുന്ന മരുന്നിനൊപ്പം 200 മില്ലി നല്ലെണ്ണ കൂടെ ചേർക്കുക.
- അകിട് വീക്കമുള്ള എല്ലാ പശുക്കൾക്കും 2 ചെറുനാരങ്ങ വീതം ദിവസവും രണ്ട് നേരം എന്ന രീതിയിൽ നൽകുന്നത് നല്ലതാണ്.

# റുമാട്ടോർ

പശുക്കളിലെ ദഹനക്കേട്, അസിഡിറ്റി, വയറുപെരുപ്പം എന്നീ അസുഖങ്ങൾക്കുള്ള മരുന്ന്




MRP ~175

## കറവമാടുകളിലെ സാധാരണ ദഹന സംബന്ധമായ അസുഖങ്ങളുടെ കാരണങ്ങൾ

- അശാസ്ത്രീയമായ തീറ്റ രീതികൾ
- പൂപ്പൽ ബാധിച്ചതും പഴകിയതുമായ തീറ്റ വസ്തുക്കൾ
- വിര ശല്യം



## ദഹന സംബന്ധമായ അസുഖങ്ങളുടെ പ്രധാന ലക്ഷണങ്ങൾ

- തീറ്റയെടുക്കാനുള്ള മടി
- പെട്ടെന്നുള്ള പാലുത്പ്പാദനത്തിലെ കുറവ്
- വയറ് പെരുപ്പം, വേദന
- ക്ഷീണം

### ഉപയോഗ ക്രമം

- പശു/എരുമ: 100 ഗ്രാം റുമാട്ടോർ 30 ഗ്രാം അപ്പക്കാരവും ചേർത്ത് ദിവസം 3 നേരം നൽകുക

# മിൽക്ക്ലെറ്റ്

കറവ പശുക്കളിൽ പാലുത്പ്പാദനത്തെ സഹായിക്കുന്ന ഗാലക്റ്റോഗോഗ് ഇനത്തിൽ പെടുന്ന മരുന്നാണ് മിൽക്ക്ലെറ്റ്




MRP ₹112

## മിൽക്ക്ലെറ്റിന്റെ ഗുണങ്ങൾ

അകിട് വീക്കം, നോൺ ഇൻഫക്ഷ്യസ് അഗലക്ഷിയ, ഹൈപ്പോ അഗലക്ഷിയ തുടങ്ങിയ രോഗങ്ങൾ കാരണം പാലുത്പ്പാദന ക്ഷമത പൂർണ്ണമായും പ്രകടിപ്പിക്കാനാകാത്ത പശുക്കളിൽ പാലുത്പ്പാദനത്തെ ത്വരിതപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും സഹായിക്കുന്നു.

### ഉപയോഗക്രമം


- 50 ഗ്രാം വീതം കാലിത്തീറ്റയിൽ ചേർത്ത് നൽകുക

# ക്രാക്ക്ഹീൽ

കറവമാടുകളുടെ മുലക്കാമ്പിലെ വിണ്ടു കീറൽ, വസൂരി, അരിമ്പാറ തുടങ്ങിയ ചർമ്മ രോഗങ്ങൾക്കുള്ള മരുന്ന്




MRP ₹112



### ഉപയോഗക്രമം

- കറവയ്ക്ക് ശേഷം മുലക്കാ മ്പിന്റെ രോഗ ബാധയുള്ള ഭാഗങ്ങളിൽ ദിവസം 3 നേരം എന്ന രീതിയിൽ പുരട്ടുക.

# പൈറക്സ് കെയർ

കറവമാടുകളിലെ പനി
കുറയുന്നതിനുള്ള മരുന്ന്




### കറവമാടുകളിൽ പനിയുടെ ലക്ഷണങ്ങൾ

- തീറ്റയെടുക്കാനുള്ള മടി
- ഉയർന്ന ശരീര ഊഷ്മാവ്
- വരണ്ടുണങ്ങിയ മൂക്കിന്റെ അഗ്രഭാഗം
- ഉയർന്ന് നിൽക്കുന്ന രോമങ്ങൾ
- ഉന്മേഷക്കുറവ്

### ഉപയോഗക്രമം

- പശു/എരുമ: 75 ഗ്രാം വീതം ദിവസം 2 നേരം
- കിടാവ്: 30 ഗ്രാം വീതം 2 നേരം




# ഡയാർ എന്റ്

കറവമാടുകളിലെ വയറിളക്കം
ഭേദമാകുന്നതിനുള്ള മരുന്ന്

### കറവമാടുകളിലെ വയറിളക്കത്തിനുള്ള കാരണങ്ങൾ

- അണുബാധ
- അശാസ്ത്രീയമായ തീറ്റ രീതികൾ
- വിരശല്യം
- പൂപ്പൽ ബാധിച്ചതും പഴകിയതുമായ തീറ്റവസ്തുക്കൾ

### ഉപയോഗക്രമം

- പശു/എരുമ: 50 ഗ്രാം വീതം ദിവസം 2 നേരം
- കിടാവ്: 15 ഗ്രാം വീതം 2 നേരം

# ഹീൽ ഓൾ

കറവമാടുകളിലെ എല്ലാവിധ മുറിവുകൾക്കുമുള്ള മരുന്ന്




MRP
₹112



**ഉപയോഗക്രമം**

- പുതിയ മുറിവുകൾക്ക്: മുറിവുകൾ വൃത്തിയാക്കി ദിവസം 3 തവണ വീതം പുരട്ടുക
- പുഴു ഉള്ള മുറിവുകൾ: കർപ്പൂരം വെളിച്ചെണ്ണയിൽ ചാലിച്ചതോ, യൂക്കാലിപ്റ്റസ് ഓയിലോ, ആത്തയില അരച്ചതോ ഉപയോഗിച്ച് വൃണത്തിലെ പുഴുക്കളെ നീക്കം ചെയ്യുക. അതിന് ശേഷം ഹീൽ ഓൾ ഓയിൻമെന്റ് ദിവസം 3 നേരം എന്ന തോതിൽ മുറിവ് ഉണങ്ങുന്നത് വരെ ഉപയോഗിക്കുക.

# ഫ്ളൈ റിപ്പൽ

**കറവമാടുകളുടെ ദേഹത്ത് വരുന്ന ഈച്ച/ചെള്ള് ശല്യത്തിനുള്ള മരുന്ന്**

സാധാരണ വിപണിയിൽ ലഭ്യമായ ഈച്ച/ചെള്ള് ശല്യത്തിന് ഉപയോഗിക്കുന്ന മരുന്നുകളിൽ മാരകമായ വിഷ പദാർത്ഥങ്ങൾ അടങ്ങിയിട്ടുണ്ട്. ആയത് പാലിൽ കലരാൻ സാധ്യതയുണ്ട്. എന്നാൽ ആയുർവ്വേദ ചേരുവകൾ മാത്രം ചേർത്ത് തയ്യാറാക്കിയ ഫ്ളൈ റിപ്പൽ എന്ന മരുന്ന് തീർത്തും സുരക്ഷിതവും ഫലപ്രദവുമാണ്.






MRP ₹90

## ഉപയോഗക്രമം

- 200 മില്ലി ഫ്ളൈ റിപ്പൽ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ നേർപ്പിച്ച് പശുക്കളുടെ ശരീരത്തിൽ കറവയ്ക്ക് ശേഷം സ്പ്രേ ചെയ്ത് നൽകുക.

milma®

**മലബാർ മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയൻ ലിമിറ്റഡ്**

ഹെഡ് ഓഫീസ്, പെരിങ്ങളം, കുന്ദമംഗലം, കോഴിക്കോട് – 673571, കേരളം